കർഷക പങ്കാളിത്തത്തോടുകൂടി ജലസേചന പദ്ധതികൾ

6 (*333) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷക പങ്കാളിത്തത്തോടുകൂടി ജലസേചന പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, സർക്കാരിന്റെ പരിഗണനയിലുള്ള പുതിയ സംരംഭങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) ഇവയിൽ ഇക്കൊല്ലം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) :

(എ) ഇല്ല. എന്നാൽ പൂർത്തീകരിച്ച ജലസേചന പദ്ധതികളിലെ തുടർന്നു വരുന്ന അറ്റകുറ്റപ്പണികളും ജലവിഭവ മാനേജ്മെന്റും കർഷക പങ്കാളിത്തത്തോടുകൂടി പാർട്ടിസിപ്പേറ്ററി ഇറിഗേഷൻ മാനേജ്മെന്റ് എന്ന പദ്ധതിയിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ജനപങ്കാളിത്തത്തോടുകൂടിയുള്ള ജലപരിപാലന പദ്ധതിപ്രകാരം മലമ്പുഴ ജലസേചന പദ്ധതിയിലെ കുന്നത്തൂർ ബ്രാഞ്ച് കനാൽ പ്രദേശത്തും നെയ്യാർ പദ്ധതിയിലെ ഓലത്താന്നി ബ്രാഞ്ച് കനാൽ പ്രദേശത്തും ഓരോ പൈലറ്റ് പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) നെയ്യാർ ബ്രാഞ്ച് കനാൽ പ്രദേശത്തെ പൈലറ്റ് പദ്ധതിക്ക് 32.62 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഭവാനിപ്പുഴയിലെ തടയണ നിർമ്മാണം സംബന്ധിച്ച് നിയമ നടപടികൾ

7 (*334) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എ. കെ. ബാലൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവാനിപ്പുഴയിലെ തടയണ നിർമ്മാണം, വനനിയമം ലംഘിച്ചാണ് നടത്തിയിട്ടുള്ളതെന്ന കേന്ദ്ര ഗവൺമെന്റിന്റെ പരാമർശം സംസ്ഥാന ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിലും കാവേരി നദീജല അതോറിറ്റിയിലും സംസ്ഥാന ഗവൺമെന്റിന്റെ നടപടിയെ തമിഴ്നാട് ഗവൺമെന്റ് ചോദ്യം ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly